LIBRARY ARCHIVES Kerala Legislative Assembly

മദ്യത്തിന്റെ വ്യാപകമായ ഉപയോഗം നിയന്ത്രിക്കുവാൻ നടപടി

91 (1054) ശ്രീ. കെ. സി. ജോസഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് എക്സൈസും തൊഴിലും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് മദ്യത്തിന്റെ വ്യാപകമായ ഉപയോഗം നിയന്ത്രിക്കുവാൻ എന്തെങ്കിലും നടപടികൾ സ്വീകരിച്ചിട്ടുണ്ടോ :

(ബി) ഉണ്ടെങ്കിൽ വിശദാംശങ്ങൾ വെളിപ്പെടുത്തുമോ ;

(സി) 2010 ഏപ്രിൽ ഒന്നുമുതൽ ഡിസംബർ 31 വരെയുള്ള 9 മാസക്കാലം ബിവറേജസ് കോർപ്പറേഷൻ എത്ര കോടി രൂപയുടെ മദ്യവിൽപ്പന നടത്തിയെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) ഉണ്ട്.

(ബി) ജനപ്രതിനിധികൾ, തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ, വിദ്യാഭ്യാസ സ്ഥാപനങ്ങൾ, മറ്റ് സന്നദ്ധ സംഘടനകൾ എന്നിവയുടെ സഹകരണത്തോടെ, ലഹരി വിരുദ്ധ സന്ദേശങ്ങൾ ജനങ്ങളിൽ എത്തിക്കുന്നു. മദ്യത്തിന്റെ ദുഷ്യവശങ്ങളെക്കുറിച്ച് ജനങ്ങളിൽ അവബോധം സൃഷ്ടിക്കുന്നതിന്, ശക്തവും നൂതനവുമായ പരിപാടികൾ നടപ്പാക്കി വരുന്നു. ഇതിന്റെ ഭാഗമായി സെമിനാറുകൾ, സംവാദങ്ങൾ, പോസ്റ്റർ പ്രദർശനം, ഡീ-അഡിക്ഷൻ ക്യാമ്പുകൾ, ബോധവൽക്കരണ ക്ലാസ്സുകൾ, റാലികൾ, ഇന്ദ്രജാല പ്രകടനം, തെരുവു നാടകം മുതലായവ നടത്തി വരുന്നു. ദൃശ്യമാധ്യമങ്ങളിലൂടെയുള്ള ബോധവൽക്കരണത്തിനായി "ദുരന്ത ലഹരി" എന്ന പേരിൽ ഒരു ഡോക്യുമെന്ററി ദൂരദർശൻ ചാനലുകളിൽ സംപ്രേക്ഷപണം ചെയ്തിട്ടുണ്ട്. ടി ഹ്രസ്വ ചിത്രത്തിന്റെ സി.ഡി. പ്രദർശനം എല്ലാ ജില്ലകളിലും നടത്തി വരുന്നു.

(സി) 4912.70 കോടി രൂപയ്ക്കുള്ള മദ്യവില്പന നടത്തിയിട്ടുണ്ട്.

മദ്യാസക്തി നിയന്ത്രിക്കാൻ നടപടി

92 (1055) ശ്രീ. യു. സി. രാമൻ :
ശ്രീ. അബ്ദുറഹിമാൻ രണ്ടത്താണി :
ശ്രീ. എം. ഉമ്മർ :
ശ്രീ. കെ. കുട്ടി അഹമ്മദ് കുട്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് എക്സൈസും തൊഴിലും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) മദ്യപാനത്തിനടിമകളായവരെ, അതിൽ നിന്നും മോചിപ്പിക്കാനുദ്ദേശിച്ചുള്ള പദ്ധതികളെന്തെങ്കിലും നടപ്പാക്കുന്നുണ്ടോ ; ഇല്ലെങ്കിൽ നടപ്പാക്കാൻ ഉദ്ദേശിക്കുന്നുണ്ടോ എന്ന് വ്യക്തമാക്കുമോ ;

(ബി) അമിതമദ്യപാനംമൂലം സാമ്പത്തിക നില തകർന്ന് ദാരിദ്ര്യത്തിൽ പെട്ടുപോയ കുടുംബങ്ങളെക്കുറിച്ച് പഠനം നടത്തിയിട്ടുണ്ടോ ; ഇല്ലെങ്കിൽ ബോധവൽക്കരണ നടപടികൾക്ക് മുമ്പ് അത്തരം ഒരു പഠനം നടത്തി വിവരശേഖരണം നടത്തുമോ ;